ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ നിവൃത്തിയില്ല. വേറെ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്ന കാര്യം ആലോചിക്കാം.

ഗവൺമെൻറ് ആശുപത്രികളിലേക്കുവേണ്ട മരുന്നുകൾ

* 376 [395] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

ശ്രീ. എ. എ. റഹീം:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. പക്കം പുരുഷോത്തമൻ:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ആശുപത്രികളിലേക്കുവേണ്ട മരുന്നുകൾ വാങ്ങുന്നതാരാണ്;

(ബി) സ്വകാര്യ വ്യക്തികൾ മുഖേനയും സ്ഥാപനങ്ങൾ മുഖേനയും മരുന്നുകൾ വാങ്ങുന്നതെത്ര വീതം;

(സി) ഈ ഇനത്തിൽ മൊത്തം ചെലവാക്കിയ സംഖ്യ എത്ര?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ആയുർവ്വേദം, ഹോമിയോ, ഹെൽത്ത് സർവ്വീസസ് എന്നീ വകുപ്പുകൾക്ക് ആവശ്യമുള്ള മരുന്നുകൾ നിലവിലുള്ള ചട്ടങ്ങൾക്കു വിധേയമായി അതാതു വകുപ്പുകൾ മുഖേനയാണ് വാങ്ങുന്നത്.

(ബി) ഹെൽത്ത് സർവ്വീസിനാവശ്യമുള്ള മരുന്നുകൾ, ടെൻഡർ സിസ്റ്റമനുസരിച്ച് വിവിധ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നു. കെ. എസ്. ഡി. പി., ആലപ്പുഴ, ഐ. ഡി. പി. എൽ., എച്ച്. എ. എസ്. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മരുന്നുകൾ നേരിട്ടു വാങ്ങാറുണ്ട്. ഇതു കൂടാതെ അത്യാവശ്യ സന്ദർഭങ്ങളിൽ മരുന്നുകൾ അപ്പപ്പോൾ ലോക്കൽ പർച്ചേസസ് ചട്ടപ്രകാരം വാങ്ങാറുണ്ട്. 1977-78-ൽ മൊത്തം 3,08,09,539 രൂപയുടെ മരുന്നുകളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇതിൽ ഗവൺമെൻറു സ്ഥാപനങ്ങളിൽനിന്നു 1,39,75,077.23 രൂപയ്ക്കു വിലയ്ക്കും ബാക്കി 1,68,24,462.15 ടെൻഡർ വിളിച്ചുമാണ് വാങ്ങിയത്. ആയുർവ്വേദ ഡിപ്പാർട്ടുമെൻറിൽ 1977-78 വർഷത്തിൽ ടെൻഡർ സിസ്റ്റമനുസരിച്ച് 4,89,000 രൂപയുടെ പച്ചമരുന്നും അങ്ങാടി മരുന്നുകളും സ്വകാര്യ വ്യക്തികളിൽനിന്നും വാങ്ങിയിട്ടുള്ളതുകൂടാതെ 51,60,454 രൂപയുടെ മരുന്നും വാങ്ങിയിട്ടുണ്ട്. ഹോമിയോ ഡിപ്പാർട്ടുമെൻറിൽ ടെൻഡർ സിസ്റ്റം

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് 1977-78-ൽ മൂന്നുലക്ഷം രൂപയുടെ മരുന്നുകൾ സ്വകാര്യ കമ്പനികളിൽനിന്നും വാങ്ങിയിട്ടുണ്ട്.

(സി) 3,67,58,993 രൂപ 38 പൈസ.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: ആശുപത്രികളിലേക്ക് നൽകുന്ന മരുന്ന് അവിടത്തെ ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പരിമിതമാണെന്നുള്ളതുകൊണ്ട് കൂടുതൽ മരുന്നുകൾ അലോട്ടു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: കൂടുതൽ സംഖ്യ അലോട്ടു ചെയ്തെങ്കിലേ കൂടുതൽ മരുന്നു കൊടുക്കാൻ ഒക്കുകയുള്ളൂ. നമ്മുടെ മൊത്തത്തിലുള്ള വിഭവശേഷിയനുസരിച്ചുമാത്രമേ അതിനുള്ള അലോട്ട്മെൻറ് കിട്ടുകയുള്ളൂ.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: ഹെൽത്തു സെൻററുകളും ഡിസ്പെൻസറികളും ഗ്രാമപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് സാധാരണക്കാർക്കും ദരിദ്ര വിഭാഗത്തിൽപെട്ട ആളുകൾക്കും ആണ് അതിൻെറ മുഴുവൻ ഗുണവും കിട്ടുന്നതെന്നുള്ളതുകൊണ്ട് അവിടങ്ങളിലെ അപര്യാപ്തതയെങ്കിലും നീക്കുന്നതിന് കൂടുതൽ മരുന്നുകൾ അലോട്ടു ചെയ്യാൻ പ്രത്യേകമായി ശ്രദ്ധിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: മരുന്നു വിതരണത്തെ സംബന്ധിച്ച് ഞാൻ കഴിഞ്ഞദിവസം ഇവിടെ പറഞ്ഞതാണ്. ഇന്നത്തെ വിതരണ സമ്പ്രദായത്തിൽ പ്രത്യേക സ്ഥലങ്ങൾക്ക് കൂടുതൽ പരിഗണന വേണമോ എന്നുള്ള കാര്യങ്ങൾ എല്ലാംതന്നെ ഇപ്പോൾ ഹൈപവ്വർ കമ്മിറ്റിയുടെ പരിശോധനയിൽ ഇരിക്കുന്ന കാര്യമാണ്. മാർച്ചു മാസത്തിൽ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ ഇന്നുള്ള സിസ്റ്റത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ പുതിയ സാമ്പത്തിക വർഷത്തിൽ നടപ്പാക്കും.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: ഈ സർക്കാരിൻെറ കീഴിലുള്ള ഓരോ ആശുപത്രികളിലേക്കും ഇപ്പോൾ മരുന്ന് അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ; ഉണ്ടെങ്കിൽ അതെന്താണ്?

ശ്രീ. കെ. പി. പ്രഭാകരൻ: പലേ വർഷങ്ങളിലെ ഓരോ ആശുപത്രിയിലേയും ബഡ് സ്ട്രെങ്ത്, ഔട്ട് പേഷ്യൻറ് സിൻെറ നമ്പർ ഇവയനുസരിച്ചാണ് അനുവദിച്ചു വരുന്നത്. റൂറൽ ഡിസ്പെൻസറികളിൽ പൊതുവിൽ അലോപ്പതിക്ക് പതിനായിരം രൂപയുടെ മരുന്ന്, ആയുർവ്വേദത്തിനാണെങ്കിൽ ഒൻപതിനായിരം രൂപയുടെ മരുന്ന് ഇങ്ങനെ ഓരോ രീതിയിലാണ്, ചെയ്യുന്നത്. മറ്റു താലൂക്കാശുപത്രികൾ, ഡിസ്ട്രിക്റ്റ് ആശുപത്രികൾ, മെഡിക്കൽ കോളേജാശുപത്രികൾ ബെഡ്സ് സ്ട്രെങ്തും തലേവർഷങ്ങളിലുണ്ടായ രോഗികളുടെ ഏകദേശ എണ്ണവും കണക്കാക്കി കൊടുക്കും.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: അടൂർ ഗവൺമെൻറ് ആശുപത്രിക്ക് അനുവദിച്ചിരിക്കുന്ന മരുന്ന് അവിടെ ആറു മാസത്തേക്കുപോലും തികയുന്നില്ല. പല സന്ദർഭങ്ങളിലും ബാൻഡേജ് ക്ലോത്ത്, കോട്ടൺ ഇവ പോലും തികയുന്നില്ല എന്നുള്ള പരാതിയുണ്ടോ; ഉണ്ടെങ്കിൽ അതിനു എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെ പ്രത്യേകമായി ശ്രദ്ധയിൽപെട്ടിട്ടില്ല. എല്ലാ ആശുപത്രികളിലും ഈ പറഞ്ഞ അപര്യാപ്തതകളും ഉണ്ടെന്നറിയാം. അതുകൊണ്ടുകൂടിയാണ് ഞാൻ ആദ്യം പറഞ്ഞത് പുതിയ പർച്ചേസിംഗ് സിസ്റ്റം വരുന്നതോടുകൂടി ആവശ്യം വരുന്ന സ്ഥിതിക്ക് മുൻഗണന കൊടുത്തുകൊണ്ട് അതിന് കൂടുതൽ പണം ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പ്രാദേശികതലത്തിലുള്ള റൂറൽ ഡിസ്പെൻസറികളിൽ ഡോക്റ്റർമാരുടെ നിർദ്ദേശപ്രകാരം മരുന്നുകളും വാങ്ങുന്നതിനുള്ള നിർദ്ദേശമുണ്ടോ; ഇല്ലെങ്കിൽ ആ കാര്യത്തെ സംബന്ധിച്ച് പരിശോധിക്കാൻ ദയവുണ്ടാകുമോ? പ്രത്യേകമായി ആവശ്യമുള്ള മരുന്നുകളും ഈ പ്രദേശങ്ങളിൽ ലഭിക്കാതെ വരുന്നു. പ്രത്യേകമായ ആവശ്യം പരിഗണിക്കാതെ വിലപിടിച്ച മരുന്നുകളാണ് റൂറൽ ഡിസ്പെൻസറികളിലേക്ക് അലോട്ടു ചെയ്യുന്നത്; ആവശ്യംവേണ്ട മരുന്നുകളല്ല. അതുകൊണ്ട് ഡോക്റ്റർമാരുടെ നിർദ്ദേശമനുസരിച്ച് അത്തരം പ്രദേശങ്ങളിൽ ആവശ്യത്തിനനുസരിച്ചുള്ള മരുന്നുകളും അലോട്ടു ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഇപ്പോൾ ഡിസ്ട്രിക്റ്റ് മെഡിക്കൽ ആഫീസർമാർക്കാണ് അതിന്റെ അധികാരം കൊടുത്തിരിക്കുന്നത്. കൂടുതൽ വ്യാപിപ്പിക്കാൻ കഴിയുമോയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. വക്കം പുരുഷോത്തമൻ: കഴിഞ്ഞ കുറേ വർഷങ്ങളായി ധാരാളം പുതിയ ആശുപത്രികളും ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ വർദ്ധിപ്പിച്ച ആശുപത്രികൾക്കനുസൃതമായി കൂടുതൽ മരുന്നുകളും വാങ്ങാത്തതുകൊണ്ടല്ലേ കൂടുതൽ ക്ഷാമം അനുഭവിക്കുന്നത്?

ശ്രീ. കെ. പി. പ്രഭാകരൻ: ആശുപത്രികളും വർദ്ധിച്ചതിനനുസരിച്ചു മരുന്നു വാങ്ങാത്തതുകൊണ്ടാണെന്നു പറയുന്നത് ഒരു വശം മാത്രമാണ്. കഴിഞ്ഞ കൊല്ലം അതിന്റെ തലേവർഷത്തേക്കാളും ഒന്നര കോടി രൂപ കൂടുതൽ ഈ മരുന്നുകൾക്കും മറ്റും നീക്കിവച്ചിരുന്നു. പക്ഷേ ആശുപത്രികളുടെ എണ്ണം വർദ്ധിച്ചതുകൊണ്ടുമാത്രമല്ല, ജനസംഖ്യയും വർദ്ധിക്കുന്നുണ്ട്, മരുന്നുകളുടെ വിലയും വർദ്ധിക്കുന്നുണ്ട്. നീക്കിവച്ച അത്ര തുകയ്ക്കുള്ള കാണ്ടിറ്റി മരുന്ന് എടുക്കാൻ സാധിക്കുന്നില്ല. കാരണം മരുന്നിന്റെ വില കൂടുതലും അത് നമ്മുടെ നിയന്ത്രണത്തിൽ അല്ലാത്തതുമാണ്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ആറുമാസം കഴിയുമ്പോൾ മരുന്നില്ല, മരുന്നില്ല എന്ന മുറവിളി എല്ലാ ആശുപത്രികളിൽ നിന്നും ഉണ്ട്. സാധാരണക്കാരായ ആളുകൾക്ക് ചിറ്റു കുറിച്ചു കൊടുക്കുന്ന എക്സ്പ്പാടുകളാണ് ഉള്ളത്. ഇതു നിറുത്താൻവേണ്ടി ഇവിടെ പൊതു മേഖലയിൽ കൂടുതൽ ഔഷധനിർമ്മാണശാലകളും നിർമ്മിക്കാൻ ആലോചനയുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: പൊതുമേഖലയിൽ ഇപ്പോൾ തുടങ്ങാൻ ആലോചനയൊന്നുമില്ല. അലോപ്പതിയിൽ ഒരു സ്ഥാപനമുണ്ട്, ആയുർവ്വേദത്തിൽ ഒരു പൊതുസ്ഥാപനമുണ്ട്. ഇപ്പോൾ ഹോമിയോപ്പതി

LIBRARY ARCHIVES Kerala Legislative Assembly

യിലും ഒരു സ്ഥാപനം തുടങ്ങിയിട്ടുണ്ട് ആലപ്പുഴയിൽ. കൂടുതൽ പുതിയതായി തുടങ്ങുന്ന കാര്യം ഇപ്പോൾ അടിയന്തിരമായി ആലോചനയിൽ ഇല്ല.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ചെടികൾ വളർത്താൻ ഏറ്റവുമധികം സൗകര്യപ്രദമായ ഒരു കാലാവസ്ഥയാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. നമ്മുടെ സംസ്ഥാനത്ത് ആയുർവ്വേദ മരുന്നുകൾക്ക് വളരെയധികം ക്ഷാമമുണ്ട്. അതുകൊണ്ട് ആയുർവ്വേദ മരുന്നുകൾ ഉണ്ടാക്കുന്നതിനുള്ള ഒരു ഫാക്ടറി പൊതുമേഖലയിൽ സ്ഥാപിച്ച് ചെടികൾ കൂടുതലായി വളർത്തി ആയുർവ്വേദ മരുന്നുകൾ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ആയുർവ്വേദ മരുന്നിന്റെ ഉൽപ്പാദനം കുറച്ചുകൂടി വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ഒരു സ്കീം ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനുണ്ട്. പുതിയ ഫാക്ടറി തുടങ്ങി കൂടുതൽ വിപുലമായി ഔഷധനിർമ്മാണം തുടങ്ങാനുള്ള നടപടികൾ അവർ എടുക്കുന്നുണ്ട്. ഒരു ഷിഫ്റ്റുണ്ടായിരുന്നത് ഇപ്പോൾ രണ്ടു ഷിഫ്റ്റാക്കിയിട്ടുണ്ട്. ആശുപത്രിയിലുള്ള സപ്ലൈ മാത്രമല്ല പുറത്തെ ഡിമാൻഡും വർദ്ധിച്ചു വരികയാണ്. അതിനനുസരിച്ച് ഇന്ന് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. എസ്. ത്യാഗരാജൻ: റൂറൽ ഡിസ്പെൻസറികളെ പ്ലാൻ സ്കീമിൽപ്പെട്ടതെന്നും നോൺ പ്ലാൻ സ്കീമിൽപ്പെട്ടതെന്നും രണ്ടായി വേർതിരിച്ചിട്ടുണ്ട്. പ്ലാൻ സ്കീമിൽപ്പെട്ട ഡിസ്പെൻസറികൾക്ക് കുറഞ്ഞതുകയാണോ മരുന്നിനുവേണ്ടി അനുവദിക്കുന്നത്? നോൺ പ്ലാൻ സ്കീമിൽപ്പെടാതെ അയോഗ്യത സമ്പാദിച്ചിട്ടുള്ള ഡിസ്പെൻസറികളുണ്ടെങ്കിൽ അത് ഈ രീതിയിലേക്ക് കൺവർട്ടു ചെയ്യുന്നതിന് കാലതാമസം വരുത്തുന്നതിന് എന്തെങ്കിലും കാരണമുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: മരുന്നു സപ്ലൈ ചെയ്യുന്നതിന് പ്ലാൻ സ്കീമെന്നും നോൺപ്ലാൻ സ്കീമെന്നും വിവേചനമില്ല.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: ഈ ആണ്ടിൽ മരുന്നു വാങ്ങാൻ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക മുഴുവൻ ചെലവാക്കുകയുണ്ടായോ; മാത്രമല്ല ടെൻഡർ വിളിക്കാനുള്ള കാലതാമസംകൊണ്ട് വാങ്ങാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഇതിപ്പോൾ ഈ ആണ്ടിൽ മാത്രമുള്ള പ്രത്യേകതയല്ല, എല്ലാ ആണ്ടിലും ഉണ്ടാകാറുള്ളതാണ്. ഇപ്പോഴത്തെ പർച്ചേസ് സിസ്റ്റത്തിൽത്തന്നെ ന്യൂനതകളുണ്ട്. പർച്ചേസ് റൂൾ നുസരിച്ച് ഏപ്രിൽ മുപ്പതിനകം ഡിസ്ട്രിക്റ്റ് മെഡിക്കൽ ആഫീസർമാർ ഇൻഡന്റു കൊടുക്കണമെന്നുണ്ട്. സെപ്റ്റംബർ മുപ്പതാം തീയതിക്കു മുമ്പ് ഓർഡർ പ്ലെയ്സു ചെയ്യണമെന്നുണ്ട്. അങ്ങനെ ഓർഡർ പ്ലെയ്സു ചെയ്തു കഴിയുമ്പോൾ മാർച്ച് അവസാനം കംപ്ലീറ്റായി കിട്ടുകയില്ല. അപ്പോൾ സപ്ലിമെന്റ് ബാക്കി വരും. അതാണ് ഏപ്രിൽ 1.ാം തീയതി മുതൽ ഉപയോഗിക്കുന്നത്. അനുവദിക്കുന്ന മുഴുവൻ എമൗണ്ടിനുള്ള മരുന്നു വാങ്ങാനും അത് അതാതു കൊല്ലത്തിൽത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിക്കാനും ഇന്നത്തെ സിസ്റ്റത്തിൽ കഴിയുകയില്ല. അതുംകൂടി ഹൈപവ്വർ കമ്മിറ്റിയുടെ പരിശോധനയിൽ ഇരിക്കുകയാണ്. എമൗണ്ട് ലാപ്സായി പോകുന്ന പ്രശ്നം വരുന്നില്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: പ്രൈമറി ഹെൽത്തു സെൻറുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഫാമിലി പ്ലാനിംഗ് വെൽഫെയർ സെൻറുകളിൽ നിന്നൊക്കെത്തന്നെ വളരെ അത്യാവശ്യമായിട്ടുള്ള വില കുറഞ്ഞ കാർമിനേറ്റീവ് മിക്സ്ചർ തുടങ്ങിയ അത്യാവശ്യമായ മരുന്നുകൾ പോലും ലഭിക്കുന്നില്ല എന്നുള്ളതുകൊണ്ട് അവിടെയുള്ള എ. എൻ. എം. കാർക്ക് തെണ്ടിത്തിരിഞ്ഞു നടക്കേണ്ട ഗതികേടു വരുന്നുണ്ട്. അതുകൊണ്ട് ആവശ്യമായ മരുന്ന് ഫാമിലി വെൽഫെയർ സെൻറുകളിൽ എത്തിച്ചുകൊടുക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഫാമിലി വെൽഫെയർ സെൻറുകളിലായാലും റൂറൽ ഡിസ്പെൻസറികളിലായാലും മെഡിക്കൽ കോളേജുകളിലായാലും ഒരു സ്ഥലത്തും ആവശ്യത്തിനുള്ള മരുന്ന് സപ്ലൈ ചെയ്യാൻ കഴിയുന്നില്ല. അതാണ് ഇന്നത്തെ സ്ഥിതി.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു: മൂന്നു കോടി എട്ടു ലക്ഷത്തിൽപ്പരം രൂപ മരുന്നുകൾ വാങ്ങുന്നതിനു വേണ്ടി ചെലവഴിക്കുന്നുണ്ടെന്ന്. ഒരു കോടി രൂപയ്ക്കുള്ള മരുന്നു സർക്കാർവഴി വാങ്ങുന്നു എന്നു പറഞ്ഞു. രണ്ടു കോടി രൂപയുടെ മരുന്ന് ടെൻറർ ചെയ്തിട്ടാണ് വാങ്ങുന്നത്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് സർക്കാരിന് ഭീമമായ സംഖ്യ നഷ്ടം വരുന്നുണ്ട്. ഇതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തെങ്കിലും പരാതിയുള്ളതായി അറിവുണ്ടോ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: പരാതികളൊന്നും ഗവൺമെൻറിനു കിട്ടിയിട്ടില്ല. പ്രൈവറ്റ് മേഖലയിൽനിന്നു വാങ്ങുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ തെറ്റിദ്ധാരണയാണ്. പബ്ലിക്ക് സെക്റ്റർ കമ്പനിയെ സംബന്ധിച്ചിടത്തോളം കമ്പനി ആരംഭിച്ച് അഞ്ചുകൊല്ലംവരെ അവരിൽനിന്നും നേരിട്ട് വാങ്ങാനുള്ള വ്യവസ്ഥയുണ്ട്. അഞ്ചുവർഷം തികയാത്ത കമ്പനി കെ. എസ്. ഡി. പി. മാത്രമാണുള്ളത്. കെ. എസ്. ഡി. പി. യിൽനിന്നു വാങ്ങിയിട്ട് പോരാതെ വരുന്നത് പരസ്യമായി ടെൻറർ വിളിച്ച് ഐ. ഡി. പി. എൽ., എച്ച്. എ. എൽ. മുതലായ കമ്പനികളിൽനിന്നും പർച്ചേസിംഗ് റൂളനുസരിച്ച് വാങ്ങാവുന്നതാണ്.

ഡോ. ജോർജ് മാത്യു: നമ്മുടെ ആശുപത്രികളിൽ ഏറ്റവും അത്യാവശ്യമുള്ള എ. പി. സി. പോലുള്ള മരുന്നുകൾപോലും കിട്ടുന്നില്ല. ലോക്കൽ അഡ്വൈസറി കമ്മിറ്റികൾക്ക് വേണ്ടിവന്നാൽ ലോക്കലായി ഫണ്ടു കളക്റ്റു ചെയ്തു ഇങ്ങനെ അത്യാവശ്യം വേണ്ടിവരുന്നതായ മരുന്നുകളെങ്കിലും വാങ്ങി ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഇത് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. മരുന്നുകൾ വാങ്ങുന്ന കാര്യം മാത്രമല്ല അത്യാവശ്യം വേണ്ടുന്ന മെയിൻറനൻസ് ഉപ്പെടെയുള്ള കാര്യങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയുടെ വികസനം മുതലായവ നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിൽ എന്തെങ്കിലും കൂടെ അധികാരങ്ങൾകൂടി കൊടുക്കുന്ന കാര്യത്തെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഏലാ വികസന പദ്ധതികൾ

*377 [396] ശ്രീ. ആർ. സുന്ദരേശൻ നായർ:
ശ്രീ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഏലാ വികസന പദ്ധതികൾ ഉണ്ട്;

(ബി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമായാണോ നടക്കുന്നത്;

(സി) 1978-79 സാമ്പത്തിക വർഷത്തിൽ ഏലാ വികസന യൂണിറ്റുകളുടെ പ്രവർത്തനം എത്തെല്ലാം സ്ഥലങ്ങളിലേക്ക് കൂടുതലായി വ്യാപിപ്പിച്ചു;

(ഡി) നെൽകൃഷി ചെയ്യുന്ന കൃഷിഭൂമിയുടെ എത്ര ശതമാനം ഇതുവരെയായി ഏലാ വികസന യൂണിറ്റുകളുടെ പരിധിയിൽ വന്നിട്ടുണ്ട്?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) 483.

(ബി) പൊതുവേ പറഞ്ഞാൽ ഏറെക്കുറെ കാര്യക്ഷമമായിട്ടാണ് നടക്കുന്നത്.

(സി) വ്യാപിപ്പിച്ചിട്ടില്ല.

(ഡി) 28 ശതമാനം.

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ആന്റ് മിൽക്ക് മാർക്കറ്റിംഗ് ബോർഡുവഴി വിതരണം നടത്തുന്ന ക്ഷീരോൽപ്പന്നങ്ങൾ

*378 [397] ശ്രീ. കെ. സുകുമാരനുണ്ണി:
ശ്രീ. സ്റ്റീഫൻ പാദുവ:
ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:
ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എൽ. ഡി. ആന്റ് എം. എം. ബോർഡിൽനിന്നും വിതരണം ചെയ്യുന്ന പാൽ പിരിഞ്ഞു പോകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly